# Athmaraksha.org

ദൈവത്തിന്റെ കരുണയും, സ്നേഹവും, സംരക്ഷണവും

## ദിവ്യകാരുണ്യം ഒരു അടയാളം മാത്രമല്ല, അത് ക്രിസ്തുവിന്റെ യഥാർത്ഥ ശരീരവും രക്തവുമാണ്; ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ സിറ്റി : ദിവ്യകാരുണ്യം വെറും അടയാളം മാത്രമല്ല എന്നും അത് ക്രിസ്തുവിന്റെ യഥാർത്ഥശരീരവും രക്തവുമാണെന്ന് ഫ്രാൻസിസ് മാർപാപ്പാ. ഞായറാഴ്ച ദിവ്യബലിക്കിടെ വചനസന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ദിവ്യകാ രുണ്യത്തിലൂടെ ക്രിസ്തു നമുക്ക് പൂർണ്ണമായി നൽകി. നമ്മെ അവിടു ത്തോടൊപ്പം പോഷിപ്പിക്കാനായിരുന്നു അത്. നാം അത് വിശ്വാസപൂർവ്വം ചെയ്യുമ്പോൾ നമ്മുടെ ജീവിതങ്ങൾ ദൈവത്തിനും സഹോദരങ്ങൾക്കുമുള്ള സമ്മാനങ്ങളായി രൂപാന്തര പ്പെടുന്നു.

ജീവന്റെ അപ്പത്തിലൂടെ നാം ക്രിസ്തുവുമായി ഐക്യപ്പെടുമ്പോൾ അവിടുത്തെ താല്പര്യങ്ങളും ചിന്തകളും പെരുമാറ്റങ്ങളും നമ്മളും സ്വീകരിക്കുന്നു. അതിന്റെ അർത്ഥം നാം ത്യാഗപൂർവ്വമായ സ്നേഹത്തിലൂടെ സമാധാനത്തിന്റെയും ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും പങ്കാളിത്തത്തിന്റെയും വ്യക്തികളായി തീരുന്നുവെന്നാണ്. അവിടുത്തെ ഭക്ഷിക്കുമ്പോൾ നാം അവിടുത്തെപ്പോലെ ആയിത്തീരുന്നു. എന്നാൽ ഇതിന് നമ്മുടെ സമ്മതം വേണം. മാർപാപ്പ ഓർമ്മിപ്പിച്ചു. ദിവ്യകാ രുണ്യം ഒരു സ്വകാര്യപ്രാർത്ഥനയോ മനോഹരമായ ആധ്യാത്മികപരിശീലനമോ അല്ല എന്നും മാർപാപ്പ ഓർമ്മിപ്പിച്ചു. അന്ത്യഅത്താഴവേളയിൽ ക്രിസ്തു ചെയ്തതിന്റെ വെറും അനുസ്മരണവുമല്ല. ക്രിസ്തുവിന്റെ ശരീരവും അവിടുത്തെ രക്തവുംതന്നെയാ ണ് നാം വിശുദ്ധ കുർബാനയിൽ സ്വീകരിക്കുന്നത്.